(ഡി) തൃപ്രയാറിൽ യാത്രിനിവാസ് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ടൂറിസം വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ

41 (1817). ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ ജില്ലകളിലും നടപ്പിലാക്കിയ പദ്ധതികൾ തരംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇതിന് ഓരോ ജില്ലയിലും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു. †

(ബി&സി) വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി കൊടുത്തിരിക്കുന്നു.†

ഹിൽ, ലേക്ക് വാട്ടർ, സീ ടൂറിസം മേഖലകളിൽ വികസന പദ്ധതികൾ

42(1818) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ, ലേക്ക്, ബാക്ക്വാട്ടർ, സീ ടൂറിസം മേഖലകളിൽ ഈ സർക്കാർ എന്തൊക്കെ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) സാഹസിക ടൂറിസം വികസനത്തിന്റെ ഭാഗമായി ഗ്ലൈഡിംഗ്, മൗണ്ടനീയറിംഗ്, റോവിംഗ് മുതലായവ എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട് ?

(സി) പ്രസ്തുത ഇനങ്ങൾ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹിൽ, ലേക്ക്, ബാക്ക്വാട്ടർ, സീ ടൂറിസം മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്:—

---

†അനുബന്ധം VI A&B

LIBRARY ARCHIVES Kerala Legislative Assembly

മലയോര ടൂറിസം വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മലയോര മേഖലകളിൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെൻമല ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി കഴിഞ്ഞു. ഇവിടത്തെ അനുബന്ധമായിട്ടുള്ള വികസന പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

വാഗമൺ ഒരു അന്തരാഷ്ട്ര ഹിൽ ടൂറിസം കേന്ദ്രമായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

പീരുമേട്ടിൽ യാത്രിനിവാസ് പ്രവർത്തനം ആരംഭിച്ചു. മൂന്നാറിൽ യാത്രിനിവാസ്, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ എന്നിവ ഉടൻ തുടങ്ങുന്നതാണ്. മൂന്നാറിന്റെ സമഗ്ര സൗന്ദര്യവത്ക്കരണ പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. തേക്കുഴിയിൽ ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണം ആരംഭിച്ചു.

തേക്കടി-കുമളി എന്നീ റോഡുകളുടേയും വയനാട്ടിലെ വിവിധ ടൂറിസ്റ്റ് റോഡുകളുടേയും വികസനം നടപ്പിലാക്കും. തിരുനെല്ലിയിൽ യാത്രിനിവാസിന്റെ പണി തുടങ്ങികഴിഞ്ഞു. വൈത്തിരിയിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണത്തിന് തുടക്കമായിട്ടുണ്ട്. പൊൻമുടിയിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തിയായി. ഇതിനു പുറമേ ഇവിടെ ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് തുടക്കമായിട്ടുണ്ട്. കായലുകളേയും ഉൾനാടൻ ജലാശയങ്ങളേയും ബന്ധപ്പെടുത്തി നാറ്റ്പാക്ക് എന്ന റിസർച്ച് സ്ഥാപനം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്-പമ്പ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ഇതോടനുബന്ധിച്ച് പുന്നമടയിൽ ബോട്ട് ടെർമിനലും, പള്ളാത്തുരുത്തി വട്ടക്കായൽ, കോതറത്തോട്, നെടുമുടി എന്നിവിടങ്ങളിൽ റിസോർട്ടുകളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് അവസാനഘട്ടത്തിലാണ്. കുമരകത്ത് ബോട്ട് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. തണ്ണീർമുക്കത്ത് ഇതിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് അന്തിമഘട്ടത്തിലാണ്.

ടി.എസ്.കനാൽ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള പദ്ധതികളുടെ പ്രവർത്തനത്തിനായി ഇറിഗേഷൻ വകുപ്പുമായി ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മലബാർ മേഖലയിൽ ഹൗസ് ബോട്ടുകളുടെ പ്രചരണത്തിനായി പറശ്ശിനിക്കടവ്, നീലേശ്വരം എന്നിവടങ്ങളിലേയ്ക്കുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തൃശൂർ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനു പുറമേ സംസ്ഥാന കായലോര ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള മേഖലകളിൽ ടൂറിസം വകുപ്പ് നേരിട്ടും കെ.ടി.ഡി.സി., ഡി.ടി.പി.സി., ബി.ആർ.ഡി.സി. തുടങ്ങിയ ഏജൻസികൾ മുഖേനയും നടപടികൾ കൈക്കൊണ്ടു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്നാറിൽ സാഹസിക ടൂറിസം പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. ഇതിലേയ്ക്ക് ഒരു ബ്രൃഹത് പദ്ധതി കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. മൗണ്ടനീയറിംഗ്, റോവിംഗ് മുതലായ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(സി) ഇത് പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ

43(1819) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ കണ്വതീർത്ഥം, മഞ്ചേശ്വരം ജയിൻടെമ്പിൾ, ആരിക്കാടിക്കോട്ട തുടങ്ങിയവ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വികസന പദ്ധതികൾ എങ്ങനെയൊക്കെയാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും എന്തു തുക ചെലവ് വേണ്ടിവരും ?

ഉത്തരം

(എ,ബി&സി) കാസർകോട് ജില്ലയിലെ കണ്വതീർത്ഥം, മഞ്ചേശ്വരം ജയിൻടെമ്പിൾ, ആരിക്കാടിക്കോട്ട എന്നീ സ്ഥലങ്ങളുടെ ടൂറിസം വികസനത്തിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ്. അവ ലഭിക്കുന്ന മുറയ്ക്ക് അതിൻമേലുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

തിരുവനന്തപുരം-കാസർഗോഡ് ജലപാത സഞ്ചാരയോഗ്യമാക്കാൻ നടപടി

44(1820) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ജലപാത തുറന്ന് സഞ്ചാരയോഗ്യമാക്കാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly